

# നാട്ടുമുറ്റത്തെ തേന്മാവുകൾ

(ജീവിത ചിത്രങ്ങൾ)

**മനോഹരൻ വെങ്ങര**

നാട്ടുമുറ്റത്തെ തേന്മാവുകൾ എന്ന പുസ്തകത്തിലൂടെ നമ്മുടെ നാടിന്റെ ഇന്നലേയും, ഇന്നും, നാളെയും അതിമനോഹരമായി ആവിഷ്കരിക്കുമ്പോൾ ഈഉപഹാരം സ്വന്തമാക്കേണ്ടത് നാളത്തെ പ്രതീക്ഷകൾക്ക് അനിവാര്യമാകുന്നു. അതുവഴി ഇന്നലേയും, ഇന്നും ഒരു പുസ്തകത്തിലൂടെ അടയാളപ്പെടുത്തുമ്പോൾ നാളെയാണ് നമ്മുടെ കൈകളിൽ വന്നുചേരുക. ഗ്രന്ഥകർത്താവെന്നനിലയിൽ ഈദൗത്യം ആവിഷ്കരിക്കുമ്പോൾ നാട്ടുമുറ്റത്തെ തേന്മാവുകളിൽ മനോഹരൻ വെങ്ങരയും സ്ഥാനംനേടുന്നു. മധുരം കിനിയുന്ന ഈ തേന്മാവുകളെ മാന്യവായനക്കാരുടെ കൈകളിലേയ്ക്ക് ഞാനും വിനയപൂർവ്വം സമർപ്പണം ചെയ്യുന്നു

**- പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ്**

Malayalam / Nattumuttatthe Thenmaavukal (Jeevitha chithrangal)

₹ 250

ISBN 978-93-94988-05-7

9 789394 988057

സമയം പബ്ലിക്കേഷൻസ്, കണ്ണൂർ

Cover Design: Raneesh OK Porakkunnu

നാട്ടുമുറ്റത്തെ തേന്മാവുകൾ

(ജീവിത ചിത്രങ്ങൾ)

മനോഹരൻ വെങ്ങര

നാട്ടുമുറ്റത്തെ തേന്മാവുകൾ

(ജീവിത ചിത്രങ്ങൾ)



മനോഹരൻ വെങ്ങര

# വി.ടി.വി.ദാമോദരൻ:
## അന്താരാഷ്ട്രതലത്തിലെ വിളക്കുമാടം

ഭാരതാംബയ്ക്ക് ഒരേയൊരു മഹാത്മാഗാന്ധി മാത്രമേയുള്ളൂ. വിശാലാർത്ഥത്തിൽ ചിന്തിക്കുമ്പോഴാണ് ഗാന്ധി എന്ന പ്രഭാവം ലോകത്തിന്റെ തന്നെ കനകജ്യോതിയായിത്തീരുന്നത്. സൂര്യനസ്തമിക്കാത്ത അധിനിവേശ സാമ്രാജ്യത്വത്തെ രക്തരഹിതമായ വിപ്ലവത്തിലൂടെ രാജ്യംവിടാൻ നേതൃത്വം നൽകിയത് ഗാന്ധിജിയാണ്.

ലോകം ഏറ്റവും സങ്കീർണമായ കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. അതിന്റെ അനുരണനങ്ങൾ സങ്കീർണമായി ബാധിച്ചുകൊണ്ടിരിക്കുന്നൊരു ഭൂമികയാണ് നമ്മുടേത്. സ്വതന്ത്രഇന്ത്യയുടെ ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലങ്ങൾ പരിശോധിച്ചാൽ അതറിയാം.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയുടെ അദ്വൈതമന്ത്രം തന്നെ 'നാനാത്വത്തിൽ ഏകത്വം' എന്നതാണ്. അത്തരമൊരു നാട്ടിൽ ഛിദ്രവാസനകളിലൂടെ മനുഷ്യർക്കിടയിൽ വിഭാഗീയത പടർത്തുന്നതിൽ സങ്കുചിതമായ രാഷ്ട്രീയതാല്പര്യങ്ങൾ വിഷഫണമുയർത്തുമ്പോഴാണ് ഗാന്ധിയൻ പ്രസക്തി പൂർവ്വാധികം ശക്തമായി നമ്മുടെ ചിന്തകളെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യക്കാർക്ക് അഭിമാനകരമായി ജീവിക്കാൻ അവസരം നൽകിയ ഒരിടമാണ് ഗൾഫ്രാജ്യങ്ങൾ. സൗഹൃദബന്ധങ്ങളിലെ തിലകച്ചാർത്ത്. ലോകവിമോചനത്തിന്റെ രക്ഷാനായകനായി ഗൾഫിലുള്ളവരും ഗാന്ധിജിയെ നോക്കിക്കാണുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ പല കാലങ്ങളിലായി ലോകസമാധാനത്തിന്റെ വക്താവായ മഹാത്മാഗാന്ധിയുടെ ശില്പങ്ങൾ ഇടംപിടിച്ചിട്ടുണ്ട്. ജി.സി.സി.യിലെ പ്രമുഖ രാജ്യമായ യു.എ.ഇ.യുടെ തലസ്ഥാന നഗരിയായ അബൂദാബിയിൽ ഇന്ത്യക്കാരുടെ ഏറ്റവും വലിയ സാമൂഹിക സംഘടനയായ ഇന്ത്യ

സോഷ്യൽ സെന്ററിൽ ഗാന്ധിയുടെ അർദ്ധകായപ്രതിമ കാല ത്തോട് സാക്ഷി നിൽക്കുമ്പോൾ പയ്യന്നൂർ അന്നൂർ സ്വദേശി വി.ടി.വി.ദാമോദരന്റെ ആത്മാർത്ഥതയും അറബ് നാടുകളിലെ ഭരണാധികാരികൾ പ്രവാസ സമൂഹത്തോടുകാണിക്കുന്ന സ്നേഹസാമീപ്യവും പ്രശംസിക്കപ്പെടുകയാണ്.

സംസ്കൃതിയും, ജീവകാരുണ്യവും ഗാന്ധിസത്തിലൂടെ കൊണ്ടുനടക്കുന്ന പുതിയ കാലത്തെ പ്രത്യയശാസ്ത്ര സൗന്ദ ര്യസ്വരൂപനാണ് അദ്ദേഹമെന്ന് തോന്നിപ്പോയില്ലെങ്കിലേ അത്ഭു തമുള്ളൂ.

ഗാന്ധിയൻ മൂല്യങ്ങളെ അവയിലെ നൈർമ്മല്യം ഒട്ടും ചോരാതെ സ്വജീവിതത്തിൽ പകർത്തിയതിനുപരി അവ പുതിയ തലമുറയിലേയ്ക്കു പ്രസാദാത്മകമായി പ്രചരിപ്പിച്ചുകൊണ്ടിരി ക്കുന്ന ഒറ്റയാൻ കൂടിയാണ് വി.ടി.വി. എന്ന ചുരുക്കപ്പേര്.

അതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയത് ജന്മനാടിന്റെ സ്വാതന്ത്ര്യസമരചരിത്രവുമായി ബന്ധപ്പെട്ട ജ്വലിക്കുന്ന ബാല്യ കാലസ്മരണകൾ തന്നെയായിരുന്നു. രണ്ടാം ബർദോളി എന്നാണ് പയ്യന്നൂർ ചരിത്രത്തിൽ പെരുമ പെറ്റിരിക്കുന്നതും.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ മാത്രമല്ല, ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലൂടെ ഉരുക്കുമനുഷ്യൻ എന്ന ഖ്യാതിനേടിയ സർദാർ പട്ടേലിന്റെ ജന്മദേശം കൂടിയാണ് ഗുജറാത്ത് സംസ്ഥാനത്തിന്റെ ഭാഗമായ ബർദോളി.

ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹലംഘനം അവിഭക്തകേ രളത്തിൽ ആവശ്യമില്ലെന്നായിരുന്നു എ.ഐ.സി.സിയുടെ ആദ്യതീരുമാനം. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്ന തിനെത്തുടർന്ന് തീരുമാനം പുനപ്പരിശോധിക്കുകയായിരുന്നു. അങ്ങനെയാണ് കേളപ്പജിയുടെ നേതൃത്വത്തിൽ ഉളിയത്ത് കട വിൽ ഉപ്പുകുറുക്കി നിയമലംഘനസമരം നടത്തി വിജയഭേരി മുഴക്കിയത്. ഈ ചരിത്രസംഭവത്തിന്റെ റിപ്പോർട്ടിങിലാണ് 'ബോംബെ ക്രോണിക്കിൾ' പത്രം പയ്യന്നൂരിന് രണ്ടാം ബർദോളി എന്ന വിശേഷണം ചാർത്തിനല്കിയത്.

പയ്യന്നൂർ പോലീസ് സ്റ്റേഷനുമുന്നിൽ ഉയർത്തിക്കെട്ടിയ ബ്രിട്ടീഷ് പതാക 1942 ഓഗസ്റ്റ് എട്ടാം തീയതി അർദ്ധരാത്രി ടി. സി.വി.കുഞ്ഞിക്കണ്ണപൊതുവാൾ, എ.കെ.കുഞ്ഞിരാമപൊതു

വാൾ, സി.വി.കുഞ്ഞമ്പുസറാപ്പ് എന്നീ ധീരദേശാഭിമാനികളായ മൂന്നു ചെറുപ്പക്കാർ അഴിച്ചുമാറ്റി, പകരം ഭാരതാംബയുടെ ത്രിവർ ണ്ണപതാക ഉയർത്തിക്കെട്ടിയ ഐതിഹാസികമായ ചരിത്രരേഖ അടയാളപ്പെടുത്തിയ പുണ്യഭൂമി കൂടിയാണ് പയ്യന്നൂർ. ഇതിലു പരി സ്വാതന്ത്ര്യസമരഭടനെന്ന നിലയിൽ ബ്രിട്ടീഷ് കിരാതന്മാർ അറസ്റ്റുചെയ്തുകൊണ്ടുപോയി ആലിപ്പൂർ ജയിലിൽ തടവിലാ ക്കിയ കുഞ്ഞിരാമൻ അടിയോടി എന്ന വിദ്യാർത്ഥി ഭാരതാംബ യ്ക്കായി ധീരരക്തസാക്ഷിത്വം കൊണ്ടു അമരപ്പെട്ട നാടെന്ന അഭിമാനം കൊണ്ടും അനുഗ്രഹീതമാണ് പയ്യന്നൂർ.

ദേശീയപ്രസ്ഥാനത്തോടൊപ്പം മതസൗഹാർദ്ദത്തി ന്റേയും, അയിത്തോച്ചാടനത്തിന്റേയും, കർഷകപ്രസ്ഥാനത്തി ന്റേയും, മാനവികതയുടേയും പവിത്രഭൂമിയായും പയ്യന്നൂർ കേൾവിപ്പെട്ടുപോന്നു. അതിനൊപ്പം നാടൻകലകളുടെ കലവ റയായും എണ്ണപ്പെട്ടപ്പോൾ കറതീർന്നൊരു ചിന്താധാര തന്നെ വി.ടി.വി യുടെ ബാല്യത്തെ ആഴത്തിൽ സ്വാധീനിച്ചു. കർഷക കുടുംബാംഗങ്ങളും സ്വാതന്ത്ര്യസമരഭടന്മാരുമായ പ്രപിതാവ് കാശി രാമപ്പൊതുവാളിന്റേയും, അച്ഛൻ കെ.യു.രാമപ്പൊതുവാൾ, അമ്മ വി.ടി.വി.നാരായണിയുടേയും പാരമ്പര്യം വി.ടി.വി.ദാമോ ദരനിലെ വ്യക്തിത്വത്തിനു അത്രമേൽ താരും തളിരും പടർത്തി.

കാറമേൽ എയ്ഡഡ് എൽ.പി.സ്കൂൾ, അന്നൂർ യു.പി.സ്കൂൾ, പയ്യന്നൂർ ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിലാ യിരുന്നു വിദ്യാഭ്യാസം. എസ്.എസ്എൽ.സി. ഫസ്റ്റ് ക്ലാസോടെ പാസായതോടെ തുടർവിദ്യാഭ്യാസത്തിൽ വലിയ ഉയർച്ച കൈയെത്തിപ്പിടിക്കാനാവുമെന്ന് വി.ടി.വി ദാമോദരനിൽ പലരും വലിയ പ്രതീക്ഷ വച്ചുപുലർത്തി. പക്ഷെ കുടുംബത്തിന്റെ സാമ്പത്തിക പരാധീനത സ്വപ്നങ്ങളെയാകെ തകിടംമറിച്ചു. അത്തരത്തിൽ നാണക്കേടു സഹിക്കാൻ വയ്യാതെയാണ് ഇളയ മ്മയുടെ ഭർത്താവായ വി.പി നാരായണന്റെ സഹായത്താൽ അന്നത്തെ മൈസൂർ സംസ്ഥാനത്തിന്റെ ഭാഗവും തുളുനാടിനു തൊട്ടുള്ള നഗരവുമായ മംഗലാപുരത്തേയ്ക്കു പോകുന്നത്. ടെയ്ലറായിരുന്ന വി.പി നാരായണൻ, ദാമോദരനെ അവിടെ ടൈപ്പ്റൈറ്റിങ്ങും, ഷോർട്ട്ഹാന്റും പഠിപ്പിക്കുന്ന ഒരു സ്ഥാപന ത്തിൽ ചേർത്തു.

ഒരു വർഷം കൊണ്ടുതന്നെ അവിടെയും തന്റെ മിടുക്കു തെളിയിച്ച ദാമോദരനെ സ്ഥാപന ഉടമഅവിടുത്തെ പരിശീല കനായിത്തന്നെ നിയമിച്ചു! അതിനു പിന്നാലെ ഉള്ളാളത്തെ ഗ്ലാഡ്സ്റ്റോൺ എന്ന സ്ഥാപനത്തിൽ സ്റ്റെനോഗ്രാഫറായി ചേർന്നു. മംഗലാപുരത്തെ ജീവിതത്തിനിടെയാണ് ദാമോദരൻ ബഹായി പ്രസ്ഥാനത്തിൽ ആകൃഷ്ടനാവുന്നത്.

**എന്താണ് ബഹായി പ്രസ്ഥാനം? ആരാണ് ബഹായി?**

ദൈവത്തിന്റെയും മതത്തിന്റെയും മനുഷ്യകുലത്തി ന്റെയും ഏകത്വത്തിൽ വിശ്വസിക്കുക എന്നതാണ് ബഹായി പ്രസ്ഥാനത്തിന്റെ അടിസ്ഥാനതത്ത്വം. മനുഷ്യകുലത്തിന്റെ ഐക്യത്തിലൂന്നിയ സ്നേഹവും സൗഹൃദവും കാരുണ്യവും പരിപോഷിപ്പിക്കുയാണ് ഒരു ബഹായിയുടെ യഥാർത്ഥ ജീവിത ധർമ്മംതന്നെ.

ലോകത്തിലെ മുഴുവൻ ജനങ്ങളെയും സ്നേഹിക്കു കയും അവർക്കുവേണ്ടി എന്തെങ്കിലും സേവനം ചെയ്യാൻ ശ്രമി ക്കുകയും ചെയ്യുന്നവനാണ് ഒരു യഥാർത്ഥ ബഹായി.

1976–ലാണ് കണ്ണൂർ മാങ്ങാട്ടുപറമ്പിൽ സ്ഥാപിതമായ കെൽട്രോണിൽ സ്റ്റെനോഗ്രാഫറായി ജോലി ലഭിക്കുന്നത്. കെൽട്രോണിലെ സേവനത്തിനു പിന്നാലെ 1995ലാണ് വി.ടി.വി ദാമോദരൻ അബുദാബി എന്ന സ്വപ്നഭൂമിയിലേക്ക് കുടിയേറു ന്നത്. അന്താരാഷ്ട്ര ചാർട്ടേഡ് അക്കൗണ്ടൻസി കമ്പനിയായ പി.കെ.എഫ്. എന്ന സ്ഥാപനത്തിൽ പെർസണൽ ഓഫീസറായി നിയമിതനായ അദ്ദേഹം 27 വർഷത്തെ സേവനത്തിലൂടെ സീനി യർ കൺസൽട്ടന്റ് തസ്തികയിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്.

ഔദ്യോഗികജീവിതത്തിൽ വിട്ടുവീഴ്ച കാണിക്കാത്ത പ്രൊഫഷണലിസവും സത്യസന്ധതയും കഠിനാധ്വാനവും അദ്ദേഹത്തെ ജോലി ചെയ്തിടത്തെല്ലാം മാനേജുമെന്റുകളുടെ വിശ്വസ്തനാക്കി; സഹപ്രവർത്തകർക്കു പ്രിയങ്കരനും. വീടും കുടുംബവും ജോലിയും മറക്കാതെ പൊതുപ്രവർത്തനം സാധ്യ മാണെന്ന് അദ്ദേഹം തെളിയിച്ചു.

ഇതിനിടയിലാണ് കലാരംഗത്തെ പ്രാഗത്ഭ്യത്തെ മാനിച്ച് ബറോഡയിൽ നിന്നും വി.ടി.വി.ദാമോദരനെത്തേടി ദേശീയപുരസ്കാരം വന്നെത്തുന്നത്. അവിടെ നിന്നും സബർമതിയിലെ ഗാന്ധിജിയുടെ ആശ്രമം സന്ദർശിക്കാൻ പോകുന്നു. ഗാന്ധിയൻ ത്യാഗങ്ങൾ നോക്കിക്കണ്ട വി.ടി.വി.ദാമോദരന് വികാരാധിക്യത്താൽ പൊട്ടിക്കരയാതിരിക്കാൻ വയ്യാതായി. അഹമ്മദാബാദിൽ നിന്നും നാട്ടിലേയ്ക്കുള്ള മടക്കയാത്രയിലാണ് ഗാന്ധിയൻ പ്രസ്ഥാനത്തെക്കുറിച്ചുള്ള ബീജാവാപത്തിന് വി.ടി.വി.ദാമോദരൻ നാന്ദികുറിക്കുന്നത്.

ഇതിനിടയിൽത്തന്നെ പ്രവാസികളായ പയ്യന്നൂർക്കാരുടെ ആഗോള കൂട്ടായ്മയായ പയ്യന്നൂർ സൗഹൃദവേദിയുടെ അബുദാബി ഘടകം സ്ഥാപിക്കാൻ മുൻകൈയെടുക്കുകയും സ്ഥാപക ജനറൽ സെക്രട്ടറിയായി തുടർന്നുവരികയും ചെയ്യുന്നുണ്ട്. അബുദാബിയിലെ ഗവ.അംഗീകൃത സംഘടനകളായ ഇന്ത്യ സോഷ്യൽ  സെന്റർ, അബുദാബി മലയാളി സമാജം, കേരളാ സോഷ്യൽ സെന്റർ എന്നീ സംഘടനകളുടെ സജീവപ്രവർത്തകരിൽ ഒരാളായും മാറിയതോടെ സാമൂഹിക പ്രതിബദ്ധത മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചുതുടങ്ങി.

ഗാന്ധിസാഹിത്യവേദി എന്ന നേരത്തെതന്നെ മനസ്സിൽ സ്വരുക്കൂട്ടിവച്ച ആശയം ഗതിവേഗം പ്രാപിക്കാനും ഇത്തരമൊരു കൂട്ടായ്മയിലൂന്നിയ സംസ്കാരിക പശ്ചാത്തലം വഴിയൊരുക്കി. സ്വാതന്ത്ര്യസമരചരിത്രത്തിന്റെ ദേശപ്പെരുമ രക്തത്തിൽ അലിഞ്ഞുചേർന്ന, സ്വാതന്ത്ര്യാനന്തര പൗരസമൂഹത്തിന്റെ എണ്ണമെടുത്താൽ അംഗുലീപരിമിതമാണെന്നുകാണാം. അവിടെയാണ് വി.ടി.വി.ദാമോദരനെപ്പോലൊരാളുടെ വ്യക്തിപ്രഭാവം വേറിട്ടുനില്ക്കുന്നത്. ഒരു ദശാബ്ദം കഴിഞ്ഞിരിക്കയാണ് ഗാന്ധിസാഹിത്യവേദി എന്ന രാജ്യാന്തര സംരംഭത്തിന് ബീജവാപം നടത്തിയിട്ട്. ഗാന്ധിസാഹിത്യവേദി സ്ഥാപകപ്രസിഡന്റുമാണ് വി.ടി.വി. ഗാന്ധി ദർശനങ്ങൾ പുതിയ തലമുറയിലേയ്ക്കു പകർന്നാട്ടം നടത്തുക എന്ന ചരിത്രദൗത്യം എത്രത്തോളം വേരുപിടിക്കും എന്ന ചിലരുടെ സംശയത്തെ അസ്തപ്രജ്ഞമാക്കിത്തീർക്കുന്ന സ്വീകാര്യതയായിരുന്നു അദ്ദേഹത്തിന് അബുദാബിയുടെ മണ്ണിൽ കൈവരിക്കാനായത്. ഗാന്ധിയൻദർശനങ്ങൾ

ക്കൊപ്പം, ഭാരതത്തിന്റെ മഹത്തായ മൂല്യങ്ങളും ഈ പ്രചാരണത്തിന് കരുത്തുപകർന്നു എന്നതാണ് തിരിഞ്ഞുനോക്കുമ്പോൾ വി.ടി.വി.ദാമോദരന്റെ കറകളഞ്ഞചിരിയിലെ നിറഞ്ഞ സംതൃപ്തി സാക്ഷ്യപ്പെടുത്തുന്നതും.

എല്ലാ വർഷവും ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 ഗാന്ധി രക്തസാക്ഷിത്വ ദിനമായ ജനുവരി 30, സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 എന്നീ ദിനങ്ങളിൽ ഗാന്ധിസ്മൃതികളുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരാറുണ്ട്. ഇത്തരം സവിശേഷദിനങ്ങളോടനുബന്ധിച്ച് സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പ്രത്യേക ശുചീകരണവാരം വലിയ വാർത്താ പ്രാധാന്യവും കൈവരിച്ചുപോന്നു.

ലോകത്തെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലി ഗാന്ധിസൂക്തങ്ങൾ ജീവിതത്തിൽ പകർത്തുകയാണെന്ന ബോധവത്ക്കരണം വിദ്യാർത്ഥിസമൂഹത്തെ അത്ര ആഴത്തിൽ സ്വാധീനിച്ചുവെന്നാണ് അവരുടെ പ്രതികരണങ്ങൾ സാക്ഷ്യപ്പെടുത്തിയതും. ഇതിനൊപ്പം മദ്യവും, മയക്കുമരുന്നുകളും സൃഷ്ടിക്കാവുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളിൽ നിന്നും വിദ്യാർത്ഥിസമൂഹത്തേയും, യുവതലമുറയേയും, തൊഴിലാളി വിഭാഗത്തേയും രക്ഷിച്ചെടുക്കാനുള്ള കർമ്മപദ്ധതികളും ഗാന്ധിസാഹിത്യവേദിയുടെ മുഖ്യഅജണ്ടകളിൽ ഒന്നായിരുന്നു. ഈ മുന്നേറ്റത്തിനും വൻസ്വീകാര്യതയാണ് ലഭിച്ചുപോന്നത്. മഹാത്മാഗാന്ധിയുടെ ജീവചരിത്രഗ്രന്ഥമായ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ ആയിരത്തില്പരം കോപ്പികളാണ് ഇതിനകം അബുദാബിയിലെ വിദ്യാർത്ഥി സമൂഹത്തിനിടയിൽ പ്രചരിപ്പിക്കാനായത്.

മഹാത്മാഗാന്ധിയും, യു.എ.ഇ.രാഷ്ട്രപിതാവ് ഹിസ് ഹൈനസ് ഷെയ്ക്ക് സായിദ് ബിൻ സുൽത്താൻ അൽനഹിയാനും സമാനമായരീതിയിൽ ജീവിതത്തിൽ പകർത്തിയ ആദർശങ്ങളായ നന്മ, അനുകമ്പ, സ്നേഹം, സഹിഷ്ണുത, പരസ്പര സഹകരണം, പ്രചോദനം, നാനാത്വത്തിൽ ഏകത്വം എന്നീ ഘടകങ്ങളിൽ അവിശ്വസനീയമായ ചേർച്ചയുണ്ടെന്നു വി.ടി.വി ദാമോദരന് നിരീക്ഷിക്കാനായി.

"ഭാരതാംബ ലോകത്തിനുനല്കിയ വരദാനമാണ് മഹാത്മാഗാന്ധിയെന്നും, ഇന്ത്യ എന്നാൽ അത് ഗാന്ധിയാണെന്നും' അനുബന്ധമായി പറഞ്ഞുവച്ചത് അബുദാബി സഹിഷ്ണുതാവകുപ്പുമന്ത്രി ഹിസ് എക്സലൻസി ഷെയ്ഖ് നഹിയാൻ ബിൻ മുബാറക് അൽ നഹിയാനാണ്. ലോകത്ത് ആദ്യമായി സഹിഷ്ണുതയ്ക്ക് പ്രത്യേക വകുപ്പുതന്നെ ഏർപ്പെടുത്തിയ രാഷ്ട്രമാണ് യു.എ.ഇ. എന്ന പ്രത്യേകതയുമുണ്ട്. അവിടെനിന്നാണ് 'നടക്കാത്തൊരു സ്വപ്നം' എന്ന് പ്രത്യക്ഷത്തിൽ തോന്നാവുന്നൊരു ആശയം വി.ടി.വി.ദാമോദരനിൽ മുളപൊട്ടിയത്. സഹപ്രവർത്തകരിൽ ചിലർ അതിമോഹമെന്നു പറഞ്ഞു ചിരിച്ചുതള്ളുകയും ചെയ്തു. കാരണം, ഗൾഫ് രാജ്യങ്ങളിൽ അതിനുമുമ്പ് ഒരിടത്തും കേട്ടുകേൾവിയില്ലാത്ത സംഭവമാണത്. എങ്കിലും തന്റെ ശുഭാപ്തിവിശ്വാസം വി.ടി.വി.ദാമോദരൻ കൈവെടിഞ്ഞില്ല. ഏതു മണലാരണ്യത്തിലും മരുപ്പച്ചയാകാൻ കഴിയുമെന്ന ദൃഢവിശ്വാസിയായ വി.ടി.വി.ദാമോദരൻ ഒറ്റയാൾപട്ടാളമാവാൻ പ്രതിജ്ഞയെടുത്തത് അങ്ങനെയാണ്.

തുടർന്ന് ഇന്ത്യൻ അംബാസിഡറുമായി ആശയവിനിമയം നടത്തി. അദ്ദേഹവും സാങ്കേതിക കുരുക്കുകൾ നിരത്തിവച്ചെങ്കിലും, അനുമതി നേടിയെടുക്കാമെങ്കിൽ എംബസി മുഖേന കൊണ്ടുവരാമെന്ന മാർഗരേഖ മുന്നോട്ടുവയ്ക്കുകയും ചെയ്തു.

കടമ്പകളൊക്കെ അനായാസേന മറികടന്ന്, ഔദ്യോഗിക അനുമതി വാങ്ങിയതിനുശേഷമായിരുന്നു ഗാന്ധിപ്രതിമ എന്ന കർമ്മപദ്ധതിയിലേക്ക് ഇറങ്ങുന്നത്.

60 കിലോഗ്രാം ഭാരവും, മൂന്നടി ഉയരവുമുള്ള ഗാന്ധിപ്രതിമ ഫൈബർ ഗ്ലാസിൽ വെങ്കലവർണ്ണത്താലാണ് നിർമ്മിച്ചത്. ചിത്രകലാധ്യാപകൻ കൂടിയായ ചിത്രൻ കുഞ്ഞിമംഗലമായിരുന്നു ശില്പി. കളിമണ്ണിൽ മോഡൽ ചെയ്ത് പ്ലാസ്റ്റർ ഓഫ് പാരീസിലേയ്ക്കു മാറ്റി, ഏറ്റവും മികച്ച ഫൈബർ മിശ്രിതങ്ങളാൽ മൂന്നു മാസമെടുത്താണ് ഗാന്ധിശില്പനിർമ്മാണം പൂർത്തീകരിച്ചത്.

വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ പയ്യന്നൂർ പൗരാവലിയുടേയും, സമീപപ്രദേശങ്ങളിലെ സ്കൂളുകളിൽനിന്നുള്ള നൂറുകണക്കിന് വിദ്യാർത്ഥികളുടേയും സാന്നിധ്യത്തിൽ ശ്രീനാരായണ വിദ്യാലയമുറ്റത്ത് മഹാത്മാഗാന്ധി വച്ചുപിടിപ്പിച്ച

മാവിൻ ചുവട്ടിൽ നിന്നും ശുഭാരംഭം കുറിച്ച് പയ്യന്നൂർ ഗാന്ധി പാർക്കിൽ എത്തിച്ച്, അവിടെവച്ചാണ് അനുബന്ധരേഖകൾ കൈമാറ്റം ചെയ്യപ്പെട്ടത്. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനു പിന്നാലെ എയർ ഇന്ത്യ സൗജന്യമായാണ് ഗാന്ധി പ്രതിമ അബുദാബിയിൽ എത്തിച്ചത്. 2018 ഫെബ്രുവരി ഒന്നിനു ഇന്ത്യൻ അംബാസിഡർ നവദീപ്സിങ് സൂരി ഇന്ത്യ സോഷ്യൽ സെന്ററിന്റെ പ്രവേശനകവാടത്തിൽ ഗാന്ധിപ്രതിമ അനാഛാദനം ചെയ്തപ്പോൾ ഗൾഫ് ചരിത്രത്തിന്റെ നാൾവഴികളിൽ വി. ടി.വി. എന്നചുരുക്കെഴുത്തുകൂടി തങ്കലിപികളാൽ അടയാളപ്പെടുകയായിരുന്നു.

ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷിയാകാൻ എത്തിച്ചേർന്ന മുഖ്യാതിഥിയും രാജകുടുംബാംഗവുമായ വനിതാ പ്രതിനിധി ഹെർ എക്സലൻസി ഡോ. ഹുദ അൽ മാത്രോഷി അഭിപ്രായപ്പെട്ടതുതന്നെ, 'തന്റെ ജീവിതത്തിലെ അനർഘനിമിഷമാണ് ഇത്' എന്നായിരുന്നു.

മുൻവിദേശകാര്യമന്ത്രി സുഷമാസ്വരാജ്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എൻ.വി രമണ, ഡോ. ശശിതരൂർ, മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി, മുൻസ്പീക്കർ ശ്രീരാമകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി, കുമ്മനം രാജശേഖരൻ, പത്മശ്രീ ഭരത് കമല ഹാസൻ, തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ തുടങ്ങിയ ബഹുമുഖ വ്യക്തിത്വങ്ങളൊക്കെ ഇന്ത്യൻ സോഷ്യൽ സെന്റർ സന്ദർശിച്ച് ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തിയതിനോടൊപ്പം ഇത്തരമൊരു ചരിത്രപരമായ സദ്കർമ്മത്തിനായി അക്ഷീണം പ്രയത്നിച്ച വി.ടി.വി.ദാമോദരനെ മുക്തകണ്ഠം പ്രശംസിച്ചിട്ടുമുണ്ട്. ഇവരിൽത്തന്നെ സുഷമാസ്വരാജ് അഭിപ്രായപ്പെട്ടത്, 'ലോകത്തിന്റെ വിവിധഭാഗങ്ങളിലായി നൂറുകണക്കിന് ഗാന്ധിപ്രതിമകൾ കാണാനായിട്ടുണ്ടെങ്കിലും അതിലൊക്കെ ഉപരിയായി എന്തെന്നില്ലാത്ത ഐശ്വര്യവും സൗന്ദര്യവും തുടിച്ചു നില്ക്കുന്ന ഇതുപോലൊരു ഗാന്ധിപ്രതിമ ദർശിക്കുന്നത് ആദ്യമായിട്ടാണ്' എന്നായിരുന്നു!

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ വിദേശവസ്ത്ര ബഹിഷ്കരണത്തിനു മഹാത്മാഗാന്ധി ബദലായിക്കണ്ട പ്രതിവിധിയായിരുന്നു, ചർക്കവഴിയുള്ള നൂൽ ഉല്പാദനവും ഖാദി

തുണിത്തരങ്ങളും. ഗാന്ധിയൻ പ്രസക്തിയുടെ ലോകോത്തര മാതൃകകളായ ചർക്കയും നൂലും കൂടി അബുദാബിയിൽ എത്തിക്കാനുള്ള വി.ടി.വി ദാമോദരന്റെ അനുബന്ധ സ്വപ്നപദ്ധതിയും പിന്നാലെ സാധിതപ്രായമായി. പയ്യന്നൂർ ഖാദിഗ്രാമോദയ സംഘത്തിന്റെ തിരുമുറ്റത്തുനിന്നാണ് വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ ചർക്കയും നൂലും വി.ടി.വി.ദാമോദരന് കൈമാറിയത്.

2019 ജനുവരി 26-ാം തീയ്യതി റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ എംബസിയുടെ വി.ഐ.പി. പ്രവേശനകവാടത്തിൽ സ്ഥാനപതി നവ്ദീപ്സിങ് സൂരി ചർക്കയിൽ നൂൽനൂറ്റു കൊണ്ടാണ് യജ്ഞം അനാവരണം ചെയ്തത്. ഈ ചരിത്രസ്മൃതിയേയും അബുദാബിയിലെ ഏറ്റവും ആകർഷകമായ ഘടകമായാണ് മാധ്യമങ്ങൾ ഏറ്റെടുത്തത്.

കവിതകളിലൂടെയുള്ള സാംസ്കാരിക വിനിമയം വഴിയാണ് വി.ടി.വി.ദാമോദരൻ എന്ന പയ്യന്നൂക്കാരൻ വൈകാരികമായി രാജകുടുംബാംഗങ്ങളുടെവരെ ശ്രദ്ധയും സൗഹൃദവും പിടിച്ചുപറ്റുന്നത്.

മഹിതമാം പാരമ്പര്യമുള്ള നാടെൻ പയ്യന്നൂര്
മഹാത്മാക്കളേറെ വാണ നാടാണെൻ നാട്
സ്വാതന്ത്ര്യരണാങ്കണത്തിൽ വീരശൂരപുത്രന്മാരെ
ദാനം ചെയ്ത നാടാണെൻ നാട്

കോൽക്കളിയുമായി ബന്ധപ്പെടുത്തി ഇത്തരത്തിൽ ജന്മനാടിനെ പ്രകീർത്തിച്ചു കവിതകളെഴുതിയ വി.ടി.വി.ദാമോദരൻ, മരുഭൂമിയുടെ ഊഷരതയെ അദ്ഭുതകരമായ ഇച്ഛാശക്തിയാലും, ദീർഘവീക്ഷണങ്ങളാലും ലോകത്തെ ഏറ്റവും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ സമ്പൂർണ്ണമായ സഹകരണരാഷ്ട്രങ്ങളായി പടുത്തുയർത്തുകയും അമരസ്മൃതികൾ നിലനിർത്തുകയും ചെയ്ത യു.എ.ഇയുടെ രാഷ്ട്രപിതാവ് ഹിസ് ഹൈനസ് ഷെയ്ക്ക് സായിദ് ബിൻ സുൽത്താൻ അൽനാഹിയനെക്കുറിച്ചുള്ള കാവ്യമാഹാത്മ്യങ്ങളാണ് ഭരണാധികാരികളുടെ പ്രിയങ്കരനായിക്കൂടി അദ്ദേഹത്തെ മാറ്റിയത്.

ഇരുന്നൂറോളം രാജ്യങ്ങളിൽ നിന്നുള്ള മനുഷ്യരുടെ ദേശീയത എന്തെന്നുപോലും നോക്കാതെ സമഭാവേന കാണാനുള്ള

ഷെയ്ക്ക് സായിദ്ബിൻ സുൽത്താന്റെ ഹൃദയവിശാലതയെ പ്രകീർത്തിച്ചുകൊണ്ടു വി.ടി.വി.ദാമോദരൻ ഇങ്ങനെ കവിത കുറിച്ചിട്ടു:

ചുട്ടുപൊള്ളുന്നൊരീമണ്ണിൽ
മഹാസ്നേഹ പച്ചപ്പു നട്ടുനനച്ചുചിരിച്ചവൻ
യാത്രയാകും മുൻപ് ഭൂമിയിൽ ഒരദ്ഭുതം തീർത്തു
ഗ്രാന്റ് മോസ്ക് എന്ന വിശ്വമഹാദ്ഭുതം...

മഹാത്മാഗാന്ധിയും, ഷെയ്ക്ക് സായിദ്ബിൻ സുൽത്താനും തമ്മിലുണ്ടായിരുന്ന വിശ്വമാനവസ്നേഹത്തിൽ പ്രകടമാക്കിയ സമാനതകളെ ആദരസൂചകമായി പ്രണമിച്ചുകൊണ്ട്, ഗാന്ധിയും സായീദും, നന്മ, രക്തസാക്ഷികൾ, കെടാവിളക്ക് തുടങ്ങിയ ഒരുഡസനോളം കവിതകളാണ് ഇത്തരത്തിൽ വി. ടി.വി.ദാമോദരൻ എഴുതി അറബിക്കിലേയ്ക്കു പരിഭാഷപ്പെടുത്തിയത്. മൊഴിമാറ്റം ചെയ്യാൻ സഹായിച്ചത് അബുദാബി നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥനും ഫാറൂഖ് സ്വദേശിയുമായ അബ്ദുറഹ്മാൻ പൊറ്റമ്മൽ ആയിരുന്നു. ഈ കവിതകളെല്ലാം തന്നെ അബുദാബി പൊലീസിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 999 എന്ന മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കവിതാസമാഹാരത്തിന്റെ പതിപ്പുകൾ രാജകുടുംബാംഗങ്ങൾക്കും, മറ്റു ഭരണാധികാരികൾക്കും കൈമാറുകയും ചെയ്തിട്ടുണ്ട്.

2020 ജനുവരിയിൽ ഫുജൈറ കേന്ദ്രമായി നടത്തപ്പെട്ട ജി.സി.സി. രാഷ്ട്രങ്ങളിലേയും, വിദേശരാഷ്ട്രങ്ങളിലേയും എഴുത്തുകാരേയും, സാംസ്ക്കാരിക പ്രവർത്തകരേയും, ബുദ്ധിജീവികളേയും അണിനിരത്തിക്കൊണ്ടുള്ള സാംസ്കാരിക സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട അറബ് വംശജനല്ലാത്ത ഏകവ്യക്തി വി.ടി.വി.ദാമോദരനായിരുന്നു!

യു.എസിലെ സോഷ്യൽ ജസ്റ്റിസ് ഫോർ നോൺവയലൻസും, ഡെൽഹി ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര സമാധാനസമ്മേളനത്തിലെ ഏക മധ്യപൂർവേഷ്യൻ പ്രതിനിധിയും വി.ടി. വി.ദാമോദരനാണ്!

സലിം അഹമ്മദ് സംവിധാനംചെയ്ത വിഖ്യാത ചലച്ചിത്രമായ പത്തേമാരിയിലെ ദൃശ്യങ്ങൾ ആധാരമാക്കി വി.ടി.വി. ദാമോദരൻ എഴുതിയ കവിത സങ്കലനം ചെയ്തു പുറത്തിറക്കിയ

സംരംഭവും ഏറെ പ്രശംസനേടിയെടുത്തിരുന്നു. ആദ്യകാല പ്രവാസത്തിന്റെ ചുട്ടുപൊള്ളുന്ന ജീവിതയാഥാർത്ഥ്യത്തിന്റെ നേർച്ചിത്രമായ ഈ കണ്ണീർമഴ തന്റെ പത്തേമാരി എന്ന ചലച്ചിത്രത്തിനു ലഭിച്ച മറ്റൊരു മഹത്തായ അംഗീകാരമാണെന്നായിരുന്നു സലിം അഹമ്മദിന്റെ തന്നെ വാക്കുകൾ.

പയ്യന്നൂർ നാടൻകലകളുടെ കലവറകൂടിയാണ്. അതിൽ പ്രധാന ഇനം കോൽക്കളിതന്നെ. പോരാതെ തെയ്യവും പൂരക്കളിയും കളരിപ്പയറ്റും. അന്യംനിന്നുപോകുമായിരുന്ന ഈ കലകളെ പുതിയ കാലത്തിന്റെ പ്രേക്ഷകപ്രീതിയിലേയ്ക്കു കൂടി ഗൾഫ് മേഖലകളിലെ വേദികളിലൂടെ നവജീവൻ പകർന്നു, പരിചയപ്പെടുത്തിയതിലും, അറബ് ജനതയുടെതന്നെ മനംകവരുന്നതിന് ഇടയാക്കിയതിലും വി.ടി.വി.ദാമോദരൻ വഹിച്ച പങ്ക് നിസ്തുലമാണ്.

ആറു വയസ്സുതൊട്ടേ കോൽക്കളിയിൽ വി.ടി.വി.ദാമോദരൻ പ്രാവീണ്യം നേടിവന്നിരുന്നു. പയ്യന്നൂരിലെ കോൽക്കളി ആചാര്യന്മാരിൽ പ്രമുഖനായിരുന്ന പിതാവ് കെ.യു.രാമപ്പൊതുവാൾ തന്നെയായിരുന്നു ഗുരുവും!

അബുദാബി, ദുബൈ, ഷാർജ, അൽ ഐൻ എന്നിവിടങ്ങളിലെ ഇന്ത്യാ ഫെസ്റ്റിവലുകളിലും, ഇന്ത്യാ-അറബ് സാംസ്കാരികവേദികളിലും കോൽക്കളി, പൂരക്കളി, കളരിപ്പയറ്റ് എന്നീ നാടൻ കലകളുടെ പ്രചാരകനെന്ന നിലയിൽ അവതരിപ്പിച്ചതിനൊപ്പം, ഒട്ടേറെപ്പേർക്ക് പരിശീലനവും നല്കിയിട്ടുണ്ട്. ഇതിനായി മുപ്പത്തിയഞ്ചോളം കലാകാരന്മാരടങ്ങിയ സംഘത്തേയും യു.എ.ഇ.യിലേയ്ക്കു കൊണ്ടുപോയിട്ടുണ്ട്. കോൽക്കളിയുമായി ബന്ധപ്പെട്ടുള്ള ഡോക്യുമെന്ററി ലക്ഷക്കണക്കിനു രൂപ മുടക്കി നിർമ്മിച്ചതും വി.ടി.വി.ദാമോദരനാണ്. ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവായിരുന്ന മധുകൈതപ്രമായിരുന്നു, കേളിപ്പെരുമ എന്ന പേരിലുള്ള ഡോക്യുമെന്ററി സംവിധാനം ചെയ്തത്.

ജീവകാരുണ്യപ്രവർത്തനരംഗത്തും വി.ടി.വി.യിലെ മനുഷ്യാനുരാഗി ബദ്ധശ്രദ്ധനാണ്. പയ്യന്നൂർ സൗഹൃദവേദിയുടെ സഹകരണത്തോടെ കോവിഡ് മഹാമാരിക്കാലത്ത് ആരോഗ്യചികിത്സാരംഗത്തും ഒട്ടേറെ ജീവനുകൾക്ക് സാമ്പത്തിക സഹായമേകിയിട്ടുണ്ട്. മേഖലയിലെ പത്തോളം പാവപ്പെട്ട കുടുംബങ്ങ ൾക്ക് വീടുവച്ചുനല്കാനും അദ്ദേഹത്തിന്റെ കാരുണ്യസ്പർശം താങ്ങാ

യിമാറിയിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി പയ്യന്നൂർ ആസ്ഥാന മായി പ്രവർത്തിക്കുന്ന ഭിന്നശേഷി കുട്ടികൾക്കുവേണ്ടിയുള്ള എം.ആർ.സി.എച്ച് എന്ന പേരിലുള്ള സ്കൂളിന്റെ രക്ഷാധികാ രികളിൽ ഒരാൾ കൂടിയാണ് വി.ടി.വി.ദാമോദരൻ. രണ്ടു കുട്ടിക ളുമായിത്തുടങ്ങിയ സ്കൂൾ നിലവിൽ നൂറ്റിയമ്പതോളം കുട്ടി കൾക്ക് അതിജീവനത്തിനുള്ള അനുപമമായ പ്രകാശഗോപുര മായാണ് തലയുയർത്തിനില്ക്കുന്നത്.

അക്ഷയദേശീയപുരസ്കാരം, പ്രഥമഗാന്ധിഗ്രാം പുര സ്കാരം, കലാനികേതൻപുരസ്കാരം, വേൾഡ് മലയാളി കൗൺ സിലിന്റെ സാമൂഹ്യസേവനപ്രവർത്തനത്തിനുള്ള ഗ്ലോബൽ അവാർഡ്, കണ്ണൂർ ശ്രീനാരായണ കോളേജ് 'അലുമിനി'യുടെ പട്ടുംവളയും, ഇന്ത്യൻ സോഷ്യൽ ആന്റ് കൾച്ചറൽ സെന്റർ അബു ദാബിയുടെ മാസ്റ്റർ ഓഫ് ഫോക്‌ലോർ അവാർഡ്, ചിറയിൻകീഴ് അൻസാർ പുരസ്കാരം, പയ്യന്നൂർ മിഡ് ടൗൺ റോട്ടറി അവാർഡ്, മലയാളഭാഷാ പാഠശാല പുരസ്കാരം, യു.കെ.(ബ്രിട്ടൻ) മല യാളി അസോസിയേഷൻ 'യുക്മ'യുടെ മഹാത്മാ പുരസ്കാരം എന്നിവയ്ക്കു പുറമേ പിതാവ് കെ.യു.രാമപ്പൊതുവാളിനു പിന്നാലെ കേരളാ ഫോക്‌ലോർ അക്കാദമി പുരസ്കാരം മകനായ വി.ടി.വി. ദാമോദരനേയും തേടിയെത്തിയ അപൂർവ്വതകൂടി ഈ പുരസ്കാര ബാഹുല്യങ്ങൾക്കൊപ്പം ചേർത്തുവായിക്കേണ്ടതുണ്ട്. കേരളാ ഫോക്‌ലോർ അക്കാദമി അവാർഡ് നേടുന്ന ആദ്യത്തെ പ്രവാസി കൂടിയാണ് വി.ടി.വി.ദാമോദരൻ. ഫോക്‌ലോർ അക്കാദമി പുര സ്കാരത്തുക അതേ വേദിയിലുണ്ടായിരുന്ന ചലച്ചിത്രനടിയും അവശ കലാപ്രതിഭയുമായ കോഴിക്കോട് ശാന്താദേവിക്ക് ചികി ത്സാസഹായമായി കൈമാറിയാണ് വി.ടി.വി.ദാമോദരൻ തന്റെ കാരുണ്യവർഷത്തിന് അടിവരയിട്ടത്.

ഗാന്ധിയൻ മാർഗത്തിനൊപ്പം ബഹായി ധർമ്മമാർഗ ത്തിന്റെ ഇരട്ടജീവിതവീക്ഷണങ്ങളിലൂടെ നാട്ടിലും പ്രവാസലോ കത്തും ഒരുപോലെ സ്വന്തം കർമകാണ്ഡത്തിൽ അടയാളപ്പെ ടാൻ എത്രപേരെ ചൂണ്ടിക്കാട്ടാനാവുമെന്ന അന്വേഷണം നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത് വി.ടി.വി.ദാമോദരൻ എന്ന പയ്യന്നൂ രിന്റെ സ്വന്തം വിളക്കുമാടത്തിനു മുന്നിലാവും.

യു.എ.ഇ.യിലെ പ്രവാസി സമൂഹത്തിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിക്കപ്പെട്ടവർക്ക് നൽകിവരുന്ന ഗോൾഡൻ വിസ 'സാംസ്കാരിക വിഭാഗത്തിൽ' നിന്നും അനുവദിച്ചുകിട്ടിയ അപൂർവ്വം ഇന്ത്യക്കാരിൽ ഒരാളാകാൻ സാധിച്ചത് വി.ടി.വി.ദാമോദരന്റെ സാമൂഹിക-സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്.

ഒരു നഭസ്സിലെ നക്ഷത്രങ്ങളായി, ഒരു തോട്ടത്തിലെ പൂക്കളായി, ഒരു മരക്കൊമ്പിലെ ഇലകളായി, ഒരു സമുദ്രത്തിലെ തിരമാലകളായി സഹജീവികളെ നോക്കിക്കാണാനുള്ള ഹൃദയവിശാലതയുമായി വി.ടി.വി.ദാമോദരൻ വാർത്താധിഷ്ഠിത വ്യക്തിയായി നമുക്കുമുന്നിൽ വിനയാന്വിതനായി നില്ക്കുമ്പോൾ താനെത്ര നിസ്സാരനാണെന്ന ചിന്ത നമ്മെ ലജ്ജിപ്പിക്കാതിരിക്കില്ല. വി.ടി.വി. എന്ന മൂന്നക്ഷരം അത്തരമൊരു നിമിഷത്തിൽ ഒരു പ്രസ്ഥാനമെന്ന നിലയിലാണ് നമ്മെ വിസ്മയിപ്പിക്കുക.

മണലാരണ്യത്തിലെ മലർവാടിയായ അബുദാബി സന്ദർശിക്കുന്ന ഏതൊരാൾക്കും ഗ്രാന്റ് മോസ്ക് ഉൾപ്പെടെയുള്ള ചരിത്ര സ്മാരകങ്ങൾ കണ്ണിന് ആനന്ദവും സൈകതഭൂമിയുടെ അഭിമാനവും അനുഭവപ്പെടുന്നതുപോലെ ഏതൊരു പ്രവാസിക്കും വിശിഷ്യാ ഏതൊരു മലയാളിക്കും വി.ടി.വി.ദാമോദരന്റെ സാമീപ്യം സാന്ത്വനവും സ്നേഹസാഹോദര്യ താരള്യവും തന്നെയാണ്.

* * *